പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2104 — 17.02. 2016 ൽ മറുപടിക്ക്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു കീഴിലെ സ്കിൽഡ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക

ചോദ്യം
ശ്രീ. പി.തിലോത്തമൻ

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു കീഴിലെ സ്കിൽഡ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി.ലിസ്റ്റ് നിലവിലുണ്ടോ എന്നും പറയാമോ; | (എ) എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, ഇടുക്കി. കോട്ടയം, കൊല്ലം,ആലപ്പുഴ എന്നീ ജില്ലകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (ബി) ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ, സ്കിൽഡ് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി യോഗ്യതാ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ട് എത്രനാളായി എന്ന് വ്യക്തമാക്കാമോ; | (ബി) 1 (ഒന്ന്), ആലപ്പുഴ ജില്ലയിലെ റാങ്ക് പട്ടിക 02/12/15 ന് നിലവിൽ വന്നു. |
| (സി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ലിസ്റ്റ് വന്നതിനുശേഷം എത്ര പേരെ ഇതിനോടകം നിയമിച്ചു എന്ന് പറയാമോ; 2011 നു ശേഷം ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ ഉണ്ടായ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ; | (സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കകം വരുന്ന ഒഴിവിന്റെ മുറയ്ക്ക് നിയമിക്കാനാകും. ഒരാൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്; 2011-നു ശേഷം ഒഴിവുകൾ ഒന്നും ഉണ്ടായിട്ടില്ല. |
| (ഡി)മീറ്റർ ടെസ്റ്റിംഗ് ലാബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന തീരുമാനം നടപ്പിലാക്കാത്തതെന്തുകൊണ്ടാണെന്ന് പറയാമോ; | (ഡി) സ്ഥല പരിമിതി കാരണം ആലപ്പുഴ ജില്ലയിൽ മാത്രം നടപ്പിലാക്കാനായിട്ടില്ല. മറ്റെല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഇ)എല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുവാനും സ്കിൽഡ് അസിസ്റ്റന്റുമാരെ കൂടുതലായി നിയമിക്കാനും നടപടി സ്വീകരിക്കുമോ? | (ഇ)കൂടുതൽ സ്കിൽഡ് അസിസ്റ്റന്റുമാരെ നിയമിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ